**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 405** **10-06-2024 - ൽ മറുപടിയ്ക്ക്**

**നിരോധിത ലഹരി പദാർത്ഥങ്ങളുടെ വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നിരോധിത ലഹരി വസ്തുക്കൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | നിരോധിത ലഹരി പദാർത്ഥങ്ങളുടെ വില്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | നിരോധിത ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന തടയുന്നതിനായി സംസ്ഥാനത്ത് എക്സൈസ് വകുപ്പ് രഹസ്യ വിവരശേഖരണം നടത്തിയും, ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൊതുജനങ്ങളുടെ സഹായത്തോടെയും, പോലീസ് തുടങ്ങിയ മറ്റ് സർക്കാർ സംവിധാനങ്ങളുടെ സഹകരണ ത്തോടെയും ഫലപ്രദവും ശക്തവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജില്ലയിലെ രണ്ട് വ്യത്യസ്ത മേഖലകൾ കേന്ദ്രീകരിച്ച് ദിവസേന രണ്ടു സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോളിംഗ് ടീമുകൾ, ബോർഡർ പട്രോളിംഗ് ടീമുകൾ, ജില്ലാ സ്ക്വാഡുകൾ, റെയ്ഞ്ച് ഓഫീസുകൾ എന്നിവ മുഖേന പരിശോധനകളും റെയ്ഡുകളും നടത്തി വരുന്നു. ബസ്സ് സ്റ്റേഷനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലും അന്തർ സംസ്ഥാന ബസ്സുകളിലും പരിശോധന നടത്തിവരുന്നു. ഇത്തരത്തിലുള്ള പരിശോധനകളോടൊപ്പം മുൻ കാല പ്രതികളുടെ വിശദ വിവരങ്ങൾ അടങ്ങിയ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി ടിയാന്മാരുടെ നിലവിലെ പ്രവർത്തനം നിരന്തരം നിരീക്ഷണം നടത്തി വരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മുഖേന വിവരശേഖരണം നടത്തുന്നുണ്ട്. ജില്ലകളിലെ സ്ട്രൈക്കിംഗ് ഫോഴ്സുകളും സംസ്ഥാന അതിർത്തികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ ടീമും, സംസ്ഥാന അതിർത്തി ചെക്ക്പോസ്റ്റുകളും ചെക്ക്പോസ്റ്റ് ഇല്ലാത്തിടത്ത് ഇടറോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് കെമുവും (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്) പ്രവർത്തിച്ച് വരുന്നു. അപ്രതീക്ഷിത ദിവസങ്ങളിലും അവധി |

| | | | |
|---|---|---|---|
| | | | ദിവസങ്ങളിലും അപ്രതീക്ഷിത സമയങ്ങളിൽ ജില്ലയിലെ എല്ലാ ഓഫീസുകളും ഏകോപിപ്പിച്ച് കോമ്പിംഗ് ഓപ്പറേഷൻ നടത്തിവരുന്നു. |
| (സി) | കഴിഞ്ഞ സാമ്പത്തികവർഷം എത്ര കുറ്റകൃത്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം എക്സൈസ് വകുപ്പ് 18615 അബ്കാരി കേസുകളും 8285 എൻ.ഡി.പി.എസ്. കേസുകളും 79283 കോട്പ കേസുകളും കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുവാൻ നിയമഭേദഗതികൾക്കായി ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്. മയക്കുമരുന്നുകൾ സംബന്ധിച്ച എൻ.ഡി.പി.എസ്. നിയമം കേന്ദ്ര നിയമമാണ്. അതിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ അളവ് അനുസരിച്ച് കേസുകൾ സ്മോൾ, മീഡിയം, കൊമേഴ്സ്യൽ ക്വാണ്ടിറ്റി എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന അളവുകൾ കുറച്ച് നിയമം കൂടുതൽ കർശനമാക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ